**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – അരുകുറ്റി ഗ്രാമപഞ്ചായത്ത് അംഗം ശ്രീ.പി.എസ് ബാബുവിന് ഹൃദയ ശസ്ത്രക്രിയക്ക് ചെലവായ തുകയ്ക്ക് സമാശ്വാസമായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3046 /2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30/11/2018

പരാമർശം:- 1. അരുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 18/11/2017 തീയതി നടന്ന മീറ്റിംഗിലെ 8(1)-ാം നമ്പർ തീരുമാനം.
2. അരുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/03/2018 ലെ എ 3-648/2018 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 07/06/2018 ലെ ജി1-14538/2018 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ അരുകുറ്റി ഗ്രാമപഞ്ചായത്ത് അംഗം ശ്രീ.പി.എസ് ബാബുവിന് ഗ്രാമ പഞ്ചായത്ത് ആഫീസിൽ വച്ച് ഹൃദ്രോഗ ബാധയുണ്ടായതിനെത്തുടർന്ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയ നടത്തുകയും ആയതിന് 2,30,081.51/- ചെലവാകുകയുമുണ്ടായി, ടിയാൾക്ക് ചെലവായ തുകയ്ക്ക് സമാശ്വാസമായി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകുന്നതിന് അഭ്യർത്ഥിക്കുന്നതിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച സാഹചര്യത്തിൽ, ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം അരുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.. ടി നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അരുകുറ്റി ഗ്രാമപഞ്ചായത്ത് അംഗം ശ്രീ.പി.എസ് ബാബുവിന് ഹൃദയ ശസ്ത്രക്രിയക്ക് ചെലവായ തുകയ്ക്ക് സമാശ്വാസമായി 1,00,000/-രൂപ (ഒരു ലക്ഷം രൂപ) ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനാമോൾ കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പ്രസിഡന്റ്/സെക്രട്ടറി, അരുകുറ്റി ഗ്രാമപഞ്ചായത്ത്, അരുകുറ്റി.പി.ഒ, ചേർത്തല, ആലപ്പുഴ - 688535.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.